ഭരണഭാഷ - മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം (ഹയർ സെക്കന്ററി
വിഭാഗം), ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തി നഗർ,
തിരുവനന്തപുരം
ഇമെയിൽ- jdacad@gmail.com
ഫോൺ നമ്പർ-0471-2323198.

**നം. സി.ജി & എ.സി1/4603/2022/ഡി.ജി.ഇ** **തീയതി- 13/06/2022**

## സർക്കുലർ

വിഷയം: പൊ.വി.വ - ഹ.സെ.വി.- സി.ജി & എ.സി - ഫോക്കസ് പോയിന്റ് - പത്താംക്ലാസ്സ് വിജയിച്ച കുട്ടികൾക്ക് ഹയർസെക്കന്ററി കോഴ്സുകളെക്കുറിച്ച് അവബോധം നൽകുന്നത് - സംബന്ധിച്ച്

സി.ജി & എ.സിയുടെ 08/06/2022 ൽ നടന്ന സ്റ്റേറ്റ് ലെവൽ മീറ്റിംഗിൽ തീരുമാനിച്ചതു പ്രകാരം പത്താം ക്ലാസ്സ് വിജയിച്ച കുട്ടികൾക്ക് ഹയർസെക്കന്ററി ഉൾപ്പെടെയുള്ള വിവിധ കോഴ്സുകൾ പരിചയപ്പെടുത്തുവാനും പ്രസ്തുത കോഴ്സുകളുടെ തുടർ പഠന സാധ്യതകളെക്കുറിച്ച് അവബോധം നൽകുന്നതിനായും 21/06/2022 ൽ 10.00 AM മുതൽ 12.30 PM വരെ ഒരു "Orientation Class" സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ വച്ച് നടത്തുന്നതായി അറിയിക്കുന്നു. ഹയർസെക്കന്ററി വിഭാഗം ഇല്ലാത്ത സ്കൂളുകളിലെ ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികൾക്ക് സമീപത്തുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ പങ്കെടുക്കാവുന്നതാണ്. "Orientation Class" നടത്തുന്നതിനു മുന്നോടിയായി കരിയർ ഗൈഡുമാർക്കുള്ള പരിശീലനം 14/06/2022 ൽ ഓൺലൈനായി നടത്തിയിട്ടുണ്ട് എന്ന് ഇതോടൊപ്പം അറിയിക്കുന്നു. ഫോക്കസ് പോയിന്റ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അദ്ധ്യാപകരുടെ പങ്കാളിത്തം ഉൾപ്പെടെയുള്ള ആവശ്യമായ ക്രമീകരണം പ്രിൻസിപ്പാൾ നടത്തേണ്ടതാണ്.

Sd/-
ജീവൻബാബു കെ. ഐ.എ.എസ്.
ഡയറക്ടർ (പൊതുവിദ്യാഭ്യാസ വകുപ്പ്)